22/12/21

22/12/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

<u>ഹർജി നമ്പർ **AP.No.2731(5)/19/SIC**</u>
<u>തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം</u>
**<u>File No. 21371/SIC-G7/2019</u>**

**<u>സന്നിഹിത</u>**
**<u>ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ</u>**

**ശ്രീ. ഉണ്ണി. പി. റ്റി,**
**പഴയതെരുവിൽ,**
**നിയർ മുഹിയിദ്ദീൻ മോസ്ക്,**
**കായംകുളം, ആലപ്പുഴ.** } **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**പ്രൈമറി ഹെൽത്ത് സെന്റർ,**
**കുമിളി, ഇടുക്കി.**

**അപ്പീൽഅധികാരി,**
**പ്രൈമറി ഹെൽത്ത് സെന്റർ,**
**കുമിളി, ഇടുക്കി.** } **എതിർകക്ഷികൾ**

**<u>ഉത്തരവ്</u>**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 01.08.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 20.08.2019 |
| ഒന്നാംഅപ്പീൽ | 15.09.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 18.10.2019 |
| രണ്ടാംഅപ്പീൽ | 21.12.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 13.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽവാദി എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, കുമിളി പ്രൈമറി ഹെൽത്ത് സെന്ററിലെ ജനറൽ ക്യാഷ് ബുക്കിന്റെ 01.11.2018 മുതൽ 31.07.2019 വരെയുള്ള പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 2018 നവംബർ മുതൽ 31.07.2019 വരെ ജോലി ചെയത് എല്ലാ ജീവനക്കാരുടെയും Pay Bill രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. ടി അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും ടെലഫോൺ മുഖാന്തിരം ഹിയറിംഗിൽ പങ്കെടുക്കുവാൻ ആവശ്യപ്പെടുകയുണ്ടായി.

3. ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. ടി അപേക്ഷയിലെ 1,2,4 ചോദ്യങ്ങൾക്ക് മറുപടിയായി ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കണമെന്ന മറുപടി നൽകി എന്നും വിവരാവകാശ അപേക്ഷ ലഭിക്കുന്ന കാലയളവിൽ സർവ്വീസിൽ 6 മാസത്തിൽ ചുരുക്കമായ സേവന ദൈർഘ്യമുണ്ടായിരുന്നു ടി സ്ഥാപനത്തിലെ എസ്.പി.ഐ.ഒ ആയിരുന്നതിന്റെ പരിമിതമായ സർവ്വീസ് സംബന്ധമായ അറിവുകൊണ്ടാണ് ഇത്തരത്തിലൊരു മറുപടി നൽകിയതെന്നും പരിശോധിക്കാൻ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം ഇപ്പോൾ നൽകുവാൻ തയ്യാറാണെന്നും അറിവില്ലായ്മ കൊണ്ട് സംഭവിച്ച വീഴ്ച മാപ്പാക്കണമെന്നുമാണ് എസ്.പി.ഐ.ഒ അറിയിച്ചിട്ടുള്ളത്.

4. അപ്പീൽഹർജിയും മറ്റു അനുബന്ധരേഖകളും പരിശോധിച്ചതിൽ, നിരുത്തരവാദപരമായ മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയത് എങ്കിലും അത്തരത്തിൽ ഒരു മറുപടി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്ന മൊഴിയാണ് എസ്.പി.ഐ.ഒ നൽകിയത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

5. പരിശോധിക്കാൻ പറഞ്ഞ രേഖകൾ നിലവിൽ കൊടുക്കാൻ തയ്യാറാണെന്ന എസ്.പി.ഐ.ഒയുടെ മൊഴി മുഖവിലക്കെടുത്തുകൊണ്ട് ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി പകർപ്പ്/ വിവരം നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം യഥാസമയം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്.

6. ഇപ്രകാരം ഈ അപ്പീൽ ഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2020 നവംബർ മാസം 22 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി